# പതിനാലാം കേരളനിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 1356**

**13.07.2016-ൽ മറുപടിക്ക്**

## ചായിത്തട്ടുക്കം-ഒറ്റമാവുങ്കാൽ പ്രദേശത്ത് മദ്യം വിതരണം നടത്തിയ കേസ്

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ | മറുപടി<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ഇക്കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കാസർഗോഡ് ജില്ലയിലെ കുറ്റിക്കോൽ പഞ്ചായത്തിൽ ചായിത്തട്ടുക്കം-ഒറ്റമാവുങ്കാൽ പ്രദേശത്ത് പുതിയ പറമ്പ് മുണ്ടക്കയ കോളനി റോഡിൽ KL-11E-6348 ജീപ്പിൽ വെച്ച് 15-6-2016ന് രാത്രിയിൽ വോട്ടർമാരെ സ്വാധീനിക്കാനായി മദ്യം വിതരണം ചെയ്തവരെ പിടികൂടി ബേഡകം പോലീസിനെ ഏൽപ്പിച്ച വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കേസ് എടുക്കാതെ പ്രതികളെ, വണ്ടി ഉൾപ്പെടെ വിട്ടയച്ച ബേഡകം എസ്.ഐ യുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) ബേഡകം എസ്.ഐ.യും പാർട്ടിയും സ്ഥലത്തുപോയി ടി വാഹനവും 2 പേരെയും രാത്രി 08.00 മണിയോടെ സ്റ്റേഷനിലേക്ക് കൂട്ടിക്കൊണ്ട് പോകുകയും KL-11E-6438-ാം നമ്പർ വാഹനം ആൾക്കാരുടെ മുമ്പിൽ വച്ച് പരിശോധിച്ചശേഷം വിട്ടയച്ചു. |
| (സി) ഇതു സംബന്ധിച്ച് ചീഫ് ഇലക്ഷൻ ഏജന്റും ലോക്കൽ ഇലക്ഷൻ ഏജന്റും ജില്ലാ പോലീസ് ചീഫിന് നൽകിയ പരാതിയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (സി) ഉണ്ട്. ജില്ലാ പോലീസ് മേധാവിയ്ക്ക് കൊടുത്ത പരാതിയിന്മേൽ ഡി.വൈ.എസ്.പി. സ്പെഷ്യൽ ബ്രാഞ്ചിനെ അന്വേഷണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. |
| (ഡി) ബേഡകം എസ്.ഐ. ക്കെതിരെ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണവും വിശദമാക്കുമോ ? | (ഡി) ഡി.വൈ.എസ്.പി. സ്പെഷ്യൽ ബ്രാഞ്ച് നടത്തിയ അന്വേഷണത്തിൽ മേൽ പരാതി തെറ്റിദ്ധാരണ മൂലം ഉളവായതാണെന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ ബേഡകം എസ്.ഐ.ക്കെതിരെ ഒരു നടപടികളൊന്നും സ്വീകരിച്ചിരുന്നില്ല |

സെക്ഷൻ ഓഫീസർ